9.30 AM]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 2124, 2150 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള തിരുത്തിയ ഉത്തരം

മി.സ്പീക്കർ : പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 2124, 2150 എന്നീ ചോദ്യങ്ങൾക്ക് നൽകിയ ഉത്തരങ്ങളിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 2124, 2150 എന്നീ നമ്പർ ചോദ്യങ്ങൾക്ക് നൽകിയ ഉത്തരങ്ങളിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.*

## III. അറിയിപ്പ്

9.32 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അന്തരിച്ച മുൻ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാമിന് കേരളത്തിന്റെ ആദരം നൽകുന്നതിന് അദ്ദേഹത്തിന്റെ ഭൗതികശരീരം തിരുവനന്തപുരംവഴി രാമേശ്വരത്തേക്ക് കൊണ്ടു പോകണമെന്ന ആവശ്യം പരിഗണിക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങൾകൊണ്ട് അനുവദിച്ചില്ല. എങ്കിലും കേരളത്തിന്റെ ആദരവ് പ്രകടിപ്പിക്കുന്നതിന് ബഹുമാന്യരായ ഗവർണ്ണറും പ്രതിപക്ഷ നേതാവും മന്ത്രിമാരായ ശ്രീ. പി. ജെ. ജോസഫ്, ഡോ. എം. കെ. മുനീർ എന്നിവരും ഞാനും രാമേശ്വരത്തേക്ക് പോകുന്നുണ്ട്.

മി. സ്പീക്കർ : രാമേശ്വരത്ത് പോകുന്നതിന് ചെയറും താൽപ്പര്യം പ്രകടിപ്പിച്ചിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ചെയർ താൽപ്പര്യം കാണിച്ചിരുന്നു, ഇക്കൂട്ടത്തിൽ പോകുന്നതിന് ചെയറിനും സൗകര്യം ചെയ്തിട്ടുണ്ട്. പക്ഷേ, നിയമസഭാ സമ്മേളനം അവസാനിക്കുന്ന ദിവസം തിരിച്ചുവരുന്ന സമയത്തെക്കുറിച്ചുള്ള ആശങ്ക പറഞ്ഞതുകൊണ്ട് അങ്ങ് സ്വയം പിന്മാറുകയായിരുന്നു. ഇപ്പോഴും ആ ഇൻവിറ്റേഷൻ ഉണ്ട്. ഞങ്ങളറിയാതെപ്പോയി കേരളത്തിന്റെ ആദരവ് പ്രകടിപ്പിക്കുന്നതായിരിക്കും.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly